കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജൂൺ 7
June 7
2020

1195 ഇടവം 24 ഞായർ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**സ്വദേശത്തേക്ക് മടങ്ങാനാഗ്രഹിക്കുന്നവർ വിവരം അറിയിക്കണം: ജില്ലാ കളക്ടർ**

പത്തനംതിട്ട ജില്ലയിലുള്ള അതിഥി തൊഴിലാളികളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സ്ഥിര താമസക്കാരും സ്വദേശത്തേക്ക് മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നെങ്കിൽ, അവരുടെ പേര്, വിലാസം, വയസ്, ലിംഗം, മൊബൈൽ നമ്പർ, സ്വന്തം ജില്ല, സംസ്ഥാനം, നിലവിൽ ആയിരിക്കുന്ന സ്ഥലം എന്നീ വിവരങ്ങൾ എത്രയും വേഗം9015978979,04682222234 എന്നീ ഫോൺ നമ്പരുകളിൽ അറിയിക്കണം.

വരുന്ന ഒരാഴ്ചയ്ക്കുള്ളിൽ മറ്റു സംസ്ഥാനങ്ങളിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കുന്ന എല്ലാ അതിഥി തൊഴിലാളികളേയും അവരുടെ നാട്ടിലെത്തിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടു ്. ഒരാഴ്ചയ്ക്കുള്ളിൽ തിരിച്ചു പോകാൻ കഴിഞ്ഞില്ലെങ്കിൽ പിന്നീട് പോകുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ ഒരുക്കാനുള്ള സാധ്യത കുറവാണ്. അടിയന്തരമായി പോകുവാൻ ആഗ്രഹിക്കുന്ന എല്ലാ ആളുകളും അവരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മലയാളികൾ, കരാറുകാർ, മറ്റ് തൊഴിൽ ദാതാക്കൾ എല്ലാവരും ഈ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം. താമസിക്കുന്ന വില്ലേജ് ഓഫീസുകളിലും പേര് രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമു ്. ജനങ്ങൾ ഇത് ഒരു അറിയിപ്പായി സ്വീകരിച്ച് അതിഥിതൊഴിലാളികളെ വിവരം അറിയിക്കണമെന്നും ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. (പിഎൻപി 2501/20)

**കുട്ടികൾക്ക് ഗ്രാമപഞ്ചായത്തംഗത്തിന്റെ നേതൃത്വത്തിൽ**
**ടെലിവിഷൻ സെറ്റുകൾ ലഭ്യമാക്കി**

നിർദ്ധനരായ കുട്ടികൾക്ക് വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പത്താം വാർഡ് അംഗം കെ. ശ്രീകുമാറിന്റെ നേതൃത്വത്തിൽ സ്വരൂപിച്ച ടെലിവിഷൻ സെറ്റുകൾ രാജു എബ്രഹാം

എംഎൽഎ പരുവ ഗവൺമെന്റ് എൽ.പി. സ്കൂളിൽ വിതരണം ചെയ്തു. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ പത്ത്, പന്ത്ര ് വാർഡുകളിലെ നിർദ്ധനരായ വിദ്യാർഥികൾക്കാണ് സുമനസുകളുടെ സഹായത്തോടെ ഓൺലൈൻ പഠനത്തിനുള്ള സൗകര്യം ഒരുക്കിയത്. ഇതിനായി കെ. ശ്രീകുമാർ സുമനസുകളുടെ സഹകരണം തേടുകയും സമൂഹ മാധ്യമങ്ങളിൽ അഭ്യർഥന നടത്തുകയും ചെയ്തിരുന്നു. ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ.രാജേഷ് , വെച്ചൂച്ചിറ നൂറോക്കാട് മൂലയിൽ വീട്ടിൽ ബാലകൃഷ്ണൻ എന്നിവർ പുതിയ ടെലിവിഷൻ സെറ്റുകൾ വാങ്ങി നൽകി.

ടെലിവിഷൻ സെറ്റുകൾ, ഡിടിഎച്ച് സംവിധാനം എന്നിവ വിദ്യാർഥികൾക്ക് കൈമാറി. ടെലിവിഷൻ സെറ്റുകൾ കൈമാറുന്ന ലളിതമായ ചടങ്ങിൽ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ കെ. ശ്രീകുമാർ, ടി.പി. അനിൽകുമാർ, ഊരുമൂപ്പൻ രാഘവൻ, അധ്യാപകരായ ബിജോമോൻ, ചിഞ്ചു, പിടിഎ പ്രസിഡന്റ് അനീഷ് തടത്തിൽ, സിറിയക്ക് തോമസ്, ജോമോൻ പുല്ലാട്, എസ്.രാജേന്ദ്രൻ, തങ്കച്ചൻ കാനാട്ട്, സാജു, ടോം പുല്ലാട്ട്, ശ്രീദാസ്, വിജയസേനൻ, ജോമോൻ അന്ത്യാംകുളം, രാധാകൃഷ്ണൻ നൂറോക്കാട് എന്നിവർ പങ്കെടുത്തു. (പിഎൻപി 2501/20)

**ഫോട്ടോ അടിക്കുറിപ്പ്-ടിവി-**

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പത്താം വാർഡ് അംഗം കെ. ശ്രീകുമാറിന്റെ നേതൃത്വത്തിൽ സ്വരൂപിച്ച ടെലിവിഷൻ സെറ്റുകൾ രാജു എബ്രഹാം എംഎൽഎ പരുവ ഗവൺമെന്റ് എൽ.പി. സ്കൂളിൽ വിതരണം ചെയ്യുന്നു.



**പത്തനംതിട്ട ജില്ല**
**കോവിഡ് 19 കൺട്രോൾ സെൽ ബുളളറ്റിൻ**
**തീയതി.07.06.2020**

………………………………………………………………………………

പത്തനംതിട്ട ജില്ലയിൽ ഇന്ന് (7) 13 കോവിഡ്-19 കേസുകൾ സ്ഥിരീകരിച്ചു.

1)മേയ് 28 ന് ഡൽഹിയിൽ നിന്നും എത്തിയ മെഴുവേലി സ്വദേശിനിയായ 68 വയസുകാരി. 2)മേയ് 21 ന് ദുബായിൽ നിന്നും എത്തിയ പുറമറ്റം, വെണ്ണിക്കുളം സ്വദേശിനിയായ 72 വയസുകാരി. 3) മേയ് 21 ന് ദുബായിൽ നിന്നും എത്തിയ ചെറുകോൽ, കാട്ടൂർ സ്വദേശിനിയായ 74 വയസുകാരി. 4)മേയ് 26 ന് കുവൈറ്റിൽ നിന്നും എത്തിയ കോഴഞ്ചേരി സ്വദേശിനിയായ 27 വയസുകാരി. 5)മേയ് 29ന് ഡൽഹിയിൽ നിന്നും എത്തിയ മല്ലപ്പള്ളി സ്വദേശിനിയായ 29 വയസുകാരി.

6)മേയ് 27ന് ഗുജറാത്ത് നിന്നും എത്തിയ വള്ളംകുളം സ്വദേശിനിയായ 27 വയസുകാരി. 7)മേയ് 28ന് കുവൈറ്റിൽ നിന്നും എത്തിയ തുമ്പമൺ, മുട്ടം സ്വദേശിനിയായ 58 വയസുകാരി. 8)മേയ് 28ന് കുവൈറ്റിൽ നിന്നും എത്തിയ തുമ്പമൺ, മുട്ടം സ്വദേശിയായ 60 വയസുകാരൻ. 9) മേയ് 29ന് അബുദാബിയിൽ നിന്നും എത്തിയ ഇടയാറന്മുള സ്വദേശിയായ 41 വയസുകാരൻ. 10)ജൂൺ ര ിന് ചെന്നൈയിൽ നിന്നും എത്തിയ പെരുനാട്, മണിയാർ സ്വദേശിയായ 28 വയസുകാരൻ.

11) മേയ് 26ന് കുവൈറ്റിൽ നിന്നും എത്തിയ പറക്കോട് സ്വദേശിനിയായ 31 വയസുകാരി. 12)മേയ് 29ന് അബുദാബിയിൽ നിന്നും എത്തിയ പന്തളം സ്വദേശിയായ 67 വയസുകാരൻ. 13) മേയ് 22ന് ദുബായിൽ നിന്നും എത്തിയ അടൂർ സ്വദേശിയായ 64 വയസുകാരൻ എന്നിവർക്കാണ് ഇന്ന്(7) രോഗം സ്ഥിരീകരിച്ചത്.

ജില്ലയിൽ ഇതുവരെ ആകെ 103 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ ഒരാൾ മരണമടഞ്ഞിട്ടു ്. ജില്ലയിൽ ഇന്ന് (7) ആരും രോഗവിമുക്തരായില്ല. ആകെ രോഗമുക്തരായവരുടെ എണ്ണം 25 ആണ്. നിലവിൽ ജില്ലയിൽ 77 പേർ രോഗികളായിട്ടു ്. ഇതിൽ 72 പേർ ജില്ലയിലും, അഞ്ചു പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജനറൽ ആശുപത്രി പത്തനംതിട്ടയിൽ 42 പേരും, ജില്ലാ

ആശുപത്രി കോഴഞ്ചേരിയിൽ അഞ്ചു പേരും, ജനറൽ ആശുപത്രി അടൂരിൽ ര ു പേരും, സിഎഫ്എൽടിസി റാന്നി മേനാംതോട്ടം ആശുപത്രിയിൽ 30 പേരും ഐസൊലേഷനിൽ ഉ ്.

സ്വകാര്യ ആശുപത്രികളിൽ 22 പേർ ഐസൊലേഷനിൽ ഉ ്.

ജില്ലയിൽ ആകെ 101 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്.

ഇന്ന് (7) പുതിയതായി 27 പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

ജില്ലയിൽ 90 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3327 പേരും വിദേശത്തുനിന്നും തിരിച്ചെത്തിയ 895 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് (7) തിരിച്ചെത്തിയ 31 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് (7) എത്തിയ 292 പേരും ഇതിൽ ഉൾപ്പെടുന്നു.

ആകെ 4312 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിദേശത്തുനിന്നും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തുന്നവരെ താമസിപ്പിക്കുന്നതിന് 120 കോവിഡ് കെയർ സെന്ററുകൾ സജീകരിച്ചിട്ടു ്. ഇവയിൽ നിലവിൽ 1100 പേർ താമസിക്കുന്നു ്. ജില്ലയിൽ നിന്ന് ഇന്ന് (7) 216 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടു ്. ഇതുവരെ ജില്ലയിൽ നിന്നും 9421 സാമ്പിളുകൾ ആണ് പരിശോധനയ്ക്കായി അയച്ചിട്ടുള്ളത്.

ജില്ലയിൽ ഇന്ന് (7) 193 സാമ്പിളുകൾ നെഗറ്റീവായി റിപ്പോർട്ട് ചെയ്തു. ഇന്നു(7) വരെ അയച്ച സാമ്പിളുകളിൽ 99 എണ്ണം പൊസിറ്റീവായും 8644 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടു ്. 469 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 46 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 126 കോളുകളും ലഭിച്ചു.

ഇന്റഗ്രേറ്റഡ് വോയിസ് റസ്പോൺസ് സിസ്റ്റത്തിൽ ഇന്ന്(7) മൂന്നു കോളുകൾ ലഭിച്ചു. (ഫോൺ നമ്പർ9205284484). ഇതിൽ ഒരെണ്ണം കൺട്രോൾ റൂമുമായി ബന്ധപ്പെട്ടതും, ഒരെണ്ണം സൈക്കോളജിക്കൽ സപ്പോർട്ടിനുള്ളതും, ഒരെണ്ണം മെഡിക്കൽ ആവശ്യങ്ങൾക്ക് ഉള്ളതുമായിരുന്നു. ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് (7) 298 കോളുകൾ നടത്തുകയും, 67 പേർക്ക് കൗൺസലിംഗ്

നൽകുകയും ചെയ്തു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.